<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420</u> <u>30-08-2022 - ൽ മറുപടിയ്ക്ക്</u>

## സമയബന്ധിത ഹയർഗ്രേഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹൈസ്കൂൾ അദ്ധ്യാപകരായി ജോലി ചെയ്യുമ്പോൾ ബൈട്രാൻസഫർ പ്രമോഷനിലൂടെ ഹയർ സെക്കണ്ടറി അധ്യാപകരാവുകയും പിന്നീട് എച്ച്.എസ്.എ. ലീനിൽ ഡി.പി.സി. ചേർന്ന് പ്രസ്തുത അധ്യാപകരെ 2019- ൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കുകയും ചെയ്തുവെങ്കിലും ഇത്തരത്തിൽ പ്രമോട്ട് ചെയ്യപ്പെട്ട പ്രസ്തുത അധ്യാപകരുടെ എച്ച്.എസ്.എസ്.ടി. സേവനകാലം പരിഗണിച്ച് നോഷണലായി എച്ച്.എസ്.എ-യുടെ ഹയർ ഗ്രേഡും, സീനിയർ ഗ്രേഡും അനുവദിക്കാതിരുന്നതിനാൽ ഇവർക്ക് അവരുടെ ജൂനിയറായ ഹെഡ്മാസ്റ്റർമാരെക്കാൾ കുറഞ്ഞ ശമ്പളമേ ലഭിക്കുന്നുള്ളു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കന്ററി വിഭാഗം വിശേഷാൽ ചട്ടങ്ങൾ പ്രകാരം ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിലേക്ക ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും ബൈട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടുണ്ട ഇതിൻ പ്രകാരം ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ നിന്നും ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് പ്രസ്തുത തസ്തികയിൽ സ്ഥിരീകരണം ലഭിക്കാത്തവർക്ക് ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ ലീൻ പ്രകാരം ടിപേർ ഹൈസ്കൂൾ ടീച്ചർമാരുടെ സീനിയോരിറ്റ പട്ടികയിലും തുടർന്ന് ഹെഡ്മാസ്റ്റർ നിയമനത്തിനുള്ള സെലക്റ്റ് ലിസ്റ്റിലും ഉൾപ്പെടുകയും ചെയ്യും. ഇപ്രകാരം ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടുന്ന അധ്യാപകർക്ക് ശമ്പളം നിർണ്ണയിക്കുമ്പോൾ അവർ എച്ച്.എസ്.എസ്.ടി. ആയിരുന്ന കാലയളവിൽ അവർ എച്ച്.എസ്.എ. ആയി തുടർന്നിരുന്നുവെങ്കിൽ ലഭിക്കേണ്ട ഇൻക്രിമെന്റിനാണ് അർഹതയുള്ളത്. സമയബന്ധിത ഹയർ ഗ്രേഡ് പ്രവേശന തസ്തികയിലെ സർവ്വീസ് മാത്രം പരിഗണിച്ചാണ നൽകുന്നതെന്നും ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക ഹൈസ്കൂൾ ടീച്ചറുടെ പ്രമോഷൻ തസ്തികയല്ലായെന്നും വ്യക്തമാക്കിയിട്ടുമുണ്ട്.** |
| (ബി) | എങ്കിൽ എന്താണ് തടസ്സം എന്നും ഇത്തരം കേസുകളിൽ മുമ്പ് നോഷണലായി സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിരുന്നോ എന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | **ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വരുന്നത് അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിച്ചപ്പോഴാണ്. ഇതിന് ഇളവ് നൽകികൊണ്ട് 11/01/2021-ലെ സ.ഉ.(കൈ)നം. 11/2021/ പൊ.വി.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ അവർക്ക് 22/27** |

| | | | |
|---|---|---|---|
| | | | **വർഷ സമയബന്ധിത ഹയർഗ്രേഡിന് അർഹതയുണ്ട് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.** |
| (സി) | പുതിയ ശമ്പള പരിഷ്കരണ ഉത്തരവിൽ ഇത് സംബന്ധിച്ച് വ്യക്തമായ പരാമർശം ഇല്ല എന്ന കാരണത്താലാണ് നോഷണലായി സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് എ.ജി. തടസ്സവാദം ഉന്നയിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സമയബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട നിലവിലെ ചട്ടങ്ങൾ പ്രകാരം സമയബന്ധിത ഹയർഗ്രേഡ്, പ്രവേശന തസ്തികയിലെ സർവ്വീസ് മാത്രം പരിഗണിച്ചാണ് നൽകുന്നത്. ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക ഹൈസ്കൂൾ ടീച്ചറുടെ പ്രമോഷൻ തസ്തികയല്ല എന്നും ഇപ്രകാരം ഹെഡ്മാസ്റ്റർ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സമയബന്ധിത ഹയർഗ്രേഡുകൾക്ക് അർഹതയില്ല എന്നും അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് 11/01/2021-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | എങ്കിൽ ഇത്തരത്തിൽ ഹെഡ്മാസ്റ്റർമാരായ അദ്ധ്യാപകർക്ക് മുൻകാലത്ത് നൽകി വന്നിരുന്ന പോലെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | മുൻകാലങ്ങളിൽ ഇപ്രകാരം നിയമിതരായിട്ടുള്ള അദ്ധ്യാപകർക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾ നൽകുന്നതിന് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. 11/01/2021-നാണ് ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ